# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1226 11.06.2019-ൽ മറുപടിക്ക്**

**പാലാരിവട്ടം മേൽപ്പാലം നിർമ്മാണത്തിലെ അപാകതകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.അബ്ദുറഹ്മാൻ :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പാലാരിവട്ടം മേൽപ്പാലം നിർമ്മാണത്തിൽ കണ്ടെത്തിയ അപാകതകൾ മറ്റൊരു പ്രവൃത്തിയിലും സംഭവിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ;<br><br>(ബി) സർക്കാർ ഏജൻസി തന്നെ ഏറ്റെടുത്തു നടത്തിയ ഈ പ്രോജക്ടിൽ സംഭവിച്ച ഗുരുതരമായ വീഴ്ച ആവർത്തിക്കാതിരിക്കുന്നതിനും പ്രോജക്ടുകൾ അഴിമതി രഹിതമാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) & (ബി) | അഴിമതിക്ക് അറുതി വരുത്താനായി ഗുണമേൻമ പരിശോധനയ്ക്കായി ഉത്തര - ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരോട് നിർമ്മാണത്തിലിരിക്കുന്ന എല്ലാ പാലങ്ങളും സന്ദർശിക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുകയും ആഴ്ചതോറും റിപ്പോർട്ടുകൾ ശേഖരിച്ചു വരുകയും ചെയ്യുന്നു. ഗുണമേന്മ, പരിശോധനയ്ക്കായി 3 റീജിയണൽ ഓഫീസുകളും മേൽനോട്ടത്തിനായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് ഗുണപരിശോധന വിഭാഗത്തേയും ഡിസൈൻ വിഭാഗത്തേയും ശക്തിപ്പെടുത്തി ബിൽ തുക അനുവദിക്കുന്നതിന് തൃപ്തികരമായ ഗുണമേൻമാ പരിശോധന നിർബന്ധമാക്കിയിരിക്കുന്നു. |
| (സി) വീഴ്ച വരുത്തിയ ഏജൻസിക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | അന്വേഷണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

Rkl

**സെക്ഷൻ ഓഫീസർ**